16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 80 കോടിയോളം രൂപ അധിക വരുമാനമായി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

എച്ച്.റ്റി. ഇ.എച്ച്.റ്റി. വിഭാഗത്തിൽ, 2014-15 സാമ്പത്തിക വർഷം നാളിതുവരെ ദീർഘകാലമായി കടിശ്ശിക ആയിരുന്ന ഉപഭോക്താക്കളിൽനിന്നും 7.01 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

LT വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം കറണ്ട് ചാർജ്ജ് കടിശ്ശികയിനത്തിൽ ലഭ്യമായ തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

വൈദ്യുതി നിരക്ക് വർദ്ധന

33 (373) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ ഗാർഹിക ഉപഭോക്താക്കളുടെയും വൻകിട ഉപഭോക്താക്കളുടെയും വൈദ്യുതി നിരക്ക് എത്രയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി നിരക്ക് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; വിശദാംശങ്ങൾ നൽകാമോ ;

(സി) നിരക്ക് വർദ്ധനമൂലം ഗാർഹിക ഉപഭോക്താവിനും ,വൻകിട ഉപഭോക്താവിനും വന്നിട്ടുള്ള അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) ഇനിയും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 3 പ്രാവശ്യം. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇനിയും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ബോർഡ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

34 (374) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ് കുടിശ്ശികയായി നിലവിൽ എത്രയുക പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇത്തരത്തിൽ കുടിശ്ശികയുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവ ഏതെല്ലാം ; പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും അടയ്ക്കേണ്ട കുടിശ്ശികയുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ചാർജ് കുടിശ്ശികയായി എന്ത് തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട് ;

(ഡി) ഇത്തരത്തിൽ തുക അടയ്ക്കുവാനുള്ള സ്ഥാപനങ്ങളിൽ ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) കുടിശ്ശിക അടയ്ക്കുന്നതിൽ എന്ത് തുകയുടെ ഒഴിവാക്കൽ/ഇളവുകൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(എഫ്) കുടിശ്ശിക പിരിച്ചെടുക്കാതെ നഷ്ടത്തിന്റെ പേരിൽ വൈദ്യുതി ചാർജ് ഉടൻ വർദ്ധിപ്പിക്കുവാൻ ബോർഡ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ പ്രസ്തുത നടപടി ഒഴിവാക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ 30-9-2014-ലെ കണക്കു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly